بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 21.06.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*21.06.2019ന് മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി (സ) തിരുമേനിയുടെ മഹാനായ ബദരീ സഹാബി, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۴﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

കഴിഞ്ഞ ഖുത്ബയിൽ, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ കുറിച്ച് ചില കാര്യങ്ങൾ വിവരിക്കേണ്ടതുണ്ടെന്ന് പറഞ്ഞിരുന്നു. ഹദ്റത്ത് സൈനബ് ബിൻത് ജഹശിന് 35 വയസ്സ് പ്രായമുണ്ടായിരുന്നപ്പോഴാണ് അവരുടെ വിവാഹം നടന്നത്. അറേബ്യയുടെ അവസ്ഥയെ കണക്കിലെടുത്ത് ഈ പ്രായം, പക്വമായ പ്രായമെന്ന് പറയാവുന്നതാണ്. ഹദ്റത്ത് സൈനബ് അങ്ങേയറ്റം ഭയഭക്തിയുള്ളവരും സൂക്ഷ്മത പാലിക്കുന്നവരും നന്മ നിറഞ്ഞതുമായ സ്ത്രീയായിരുന്നു. ഹദ്റത്ത് ആയിശ ഇവരുടെ വ്യക്തിപരമായ ഭയഭക്തിയെയും പരിശുദ്ധതയെയും പ്രകീർത്തിച്ച് അധികവും പറഞ്ഞിരുന്നത്, ഞാൻ സൈനബിനെക്കാൾ കൂടുതൽ നന്മ നിറഞ്ഞ സ്ത്രീയെ കണ്ടിട്ടില്ലായെന്നും അവർ അങ്ങേയറ്റം മുത്തഖിയും സത്യത്തെ മുറുകെ പിടിക്കുകയും ബന്ധുത്വം കൂട്ടിയുറപ്പിക്കുകയും വളരെയധികം ദാനധർമങ്ങൾ ചെയ്യുകയും നന്മയിലും ദൈവസാമിപ്യപ്രവർത്തനങ്ങളിലും അതീവതാൽപര്യം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു വെന്നായിരുന്നു. ദാനധർമങ്ങളിൽ അവർക്കുണ്ടായിരുന്ന സ്ഥാനത്തെ കുറിച്ച് ഹദ്റത്ത് ആയിശ നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി(സ)തിരുമേനി ഞങ്ങളോട് പറയുകയുണ്ടായി,

اَسْرَعُكُنَّ لِحَاقًابِیْ أَطْوَلُكُنَّ یَدَہٗ

അതായത് നിങ്ങളിൽ ഏറ്റവും നീളം കൂടിയ കൈയുള്ളവൾ എന്റെ വഫാത്തിന് ശേഷം ഏറ്റവുമാദ്യം മരണപ്പെട്ട് എന്റെയടുത്ത് എത്തിചേരുന്നതാണ്. ഹദ്റത്ത് ആയിശ പറയുന്നു: ഞങ്ങൾ പ്രത്യക്ഷമായ കൈ എന്നാണ് കരുതിയത്. അതുകൊണ്ട് ഞങ്ങൾ സ്വന്തം കൈകൾ അളന്ന് നോക്കുമായിരുന്നു. എന്നാൽ നബി(സ)തിരുമേനിക്ക് ശേഷം ഏറ്റവുമാദ്യം സൈനബ് ബിൻത് ജഹശിന്റെ വഫാത്ത് സംഭവിച്ചു. അപ്പോഴാണ് ഞങ്ങൾക്ക് ആ രഹസ്യം മനസ്സിലായത്. കൈകൾ എന്നത് കൊണ്ടുള്ള ഉദ്ദേശ്യം ദാനധർമങ്ങൾ ചെയ്യുന്ന കൈകളാണ്. അതല്ലാതെ സ്വന്തം കൈകളല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഹദ്റത്ത് സൈനബിന്റെ വിവാഹത്തിൽ മദീനയിലെ കപട വിശ്വാസികൾ ഒരുപാട് ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. മുഹമ്മദ്(സ) തന്റെ മകൻ വിവാഹബന്ധം വിഛേദിച്ച സ്ത്രീയുമായി അതായത് മകന്റെ ഭാര്യയെ തന്റെമേൽ ഹലാലാക്കിയിരിക്കുന്നുവെന്ന് അവർ തുറന്ന നിലയിൽ ആരോപിച്ചു. എന്നാൽ ആ വിവാഹത്തിന്റെ ഉദ്ദേശ്യം, അറബികളുടെ ആ അനാചാരത്തെ ദൂരീകരിക്കാനായിരുന്നു. അതുകൊണ്ട് ഇത്തരം ആക്ഷേപങ്ങൾ കേൾക്കേണ്ടതും നിർബന്ധമായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇവിടെ മറ്റൊരു കാര്യവും പറയേണ്ടിയിരിക്കുന്നു. ഇബ്നു സഅദ്, തിബ്‌രി എന്നിവർ തെറ്റായതും അടിസ്ഥാനരഹിതവുമായ നിവേദനങ്ങളാണ് ഹദ്റത്ത് സൈനബ് ബിൻത് ജഹശിന്റെ വിവാഹത്തെ സംബന്ധിച്ച് വിവരിച്ചിരിക്കുന്നത്. എന്നാൽ ഈ വിവരിക്കപ്പെട്ട സംഭവം ആപാദചൂഢം അന്യായവും കളവ് നിറഞ്ഞതുമാകുന്നു. ഗവേഷകർ ഇതിനെ കളവെന്നും കൃത്രിമമെന്നും കണക്കാക്കിയിരിക്കുന്നു.

ഈ വ്യാജമായ സംഭവത്തെ കുറിച്ച് മറ്റൊരു കാര്യവും മനസ്സിലാക്കേണ്ടതാണ്. അത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ വിവരിച്ചിരിക്കുന്നു. അതായത് ആ ഇസ്‌ലാമിക കാലഘട്ടം കപട വിശ്വാസികൾക്ക് മദീനയിൽ വലിയ സ്വാധീനമുള്ള കാലഘട്ടമായിരുന്നു. അബ്ദുല്ലാഹ് ബിൻ അബി ബിൻ സലൂലിന്റെ നേതൃത്വത്തിൽ പ്രത്യേകമായ നിലയിൽ ഇസ്‌ലാമിനെയും അതുപോലെ ഇസ്‌ലാമിന്റെ സ്ഥാപകനെയും അപമാനിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. കളവും സ്വയംകൃതവുമായ സംഭവങ്ങൾ കാണിച്ച് രഹസ്യമായി അതിനെ പ്രചരിപ്പിക്കുകയെന്നതായിരുന്നു അവരുടെ രീതി. അതിനടുത്ത കാലത്ത് തന്നെ ഹദ്റത്ത് ആയിശക്ക് എതിരിലും അതിഭയങ്കരമായ കുറ്റാരോപണം നടത്തിയിരുന്നു. അബ്ദുല്ലാഹ് ബിൻ അബിയും അയാളുടെ വഞ്ചകരായ കൂട്ടാളികളും കൂടി ഈ കുറ്റാരോപണത്തെ എത്രമാത്രം ചർച്ച ചെയ്തുവെന്നാൽ മുസ്‌ലിംകളിൽ അതിന്റെ പ്രചാരണം അവരുടെ സമാധാനാവസ്ഥയെ കലുശിതമാക്കി. അങ്ങനെ മുസ്‌ലിംകളും ആ അധാർമിക പ്രവൃത്തിയ്ക്ക് ഇരകളായി. ചുരുക്കത്തിൽ ആ കാലഘട്ടം കപടവിശ്വാസികൾക്ക് വലി

യ സ്വാധീനമുള്ള കാലഘട്ടമായിരുന്നു. അവർക്ക് ഏറ്റവും കൂടതൽ മനസുഖം ലഭിച്ചത് ഈ യുദ്ധത്തിലാണ്. അതായത് കളവും മാലിന്യം നിറഞ്ഞതുമായ വാർത്തകൾ പ്രചരിപ്പിച്ച് നബി(സ) തിരുമേനിയേയും അദ്ദേഹത്തിന്റെ അനുയായി കളെയും അപമാനിക്കുക. ഈ വാർത്തകൾ എത്രമാത്രം തന്ത്രത്തിലൂടെയാണ് പ്രചരിപ്പിച്ചതെന്നാൽ, ചില സന്ദർഭ ങ്ങളിൽ അങ്ങയുടെ മുതിർന്ന സഹാബാക്കൾക്ക് പോലും വിശദമായ വിവരം ലഭിക്കാത്ത കാരണത്താൽ അതിനെ പ്രതിരോധിക്കാനുള്ള അവസരം ലഭിക്കുമായിരുന്നില്ല. ഉള്ളി ന്റെ ഉള്ളിൽ അതിന്റെ വിഷാംശം പടർന്നിരുന്നു.

ഹദ്റത്ത് സൈനബ് ബിൻത് ജഹശിന്റെ സംഭവത്തിൽ സർ വില്യം മ്യൂറും പരിധികളില്ലാത്ത നിലയിൽ ആക്ഷേപിച്ചിരി ക്കുന്നു. പ്രായം അധികരിക്കുന്നത്തോടൊപ്പം നബി(സ)തി രുമേനിയുടെ ശാരീരികവികാരങ്ങളും വർധിച്ച് കൊണ്ടിരു ന്നുവെന്ന് ആരോപിച്ചു. (നഊദുബില്ലാഹ്) ഹദ്റത്ത് മിർ സാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:

നബി(സ) ഒന്നിൽ കൂടുതൽ വിവാഹം കഴിച്ചിരുന്നു. അത് ഒരു ചരിത്ര സംഭവമെന്നതിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം തന്നെ ഈ കാര്യവും വിതർക്കമില്ലാത്ത ച രിത്രവശമാണ്. അതായത് ഹദ്റത്ത് ഖദീജയെ മാറ്റിയാൽ അദ്ദേഹത്തിന്റെ ബാക്കിയുള്ള എല്ലാ വിവാഹങ്ങളും നടന്ന ത് അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്താണ്. എന്നാൽ ആ എല്ലാ വിവാഹങ്ങളും (നഊദ്ബില്ലാഹ്) അദ്ദേഹത്തിന്റെ ശാ രീരിക വികാരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിചാരി ക്കുന്നത് തന്നെ ഒരു ചരിത്രകാരന്റെ സ്ഥാനത്തിന് മങ്ങലേ ൽപ്പിക്കുന്നതും ഒരു കുലീനനായ വ്യക്തിയുടെ സ്ഥാനത്തെ ഇകഴ്ത്തുന്നതുമാണ്. നബി(സ) 25-ാം വയസ്സിൽ തന്നെ ക്കാൾ മുതിർന്ന 40 വയസ്സ് പ്രായമുള്ള ഒരു വിധവയായ സ് ത്രീയെയാണ് വിവാഹം ചെയ്തുവെന്ന യാഥാർത്ഥ്യം അറി യാത്ത ഒരാളല്ല ഈ മ്യൂർ സാഹിബ്. പിന്നെ 25 വർഷകാ ലം ആ ബന്ധത്തെ നല്ല നിലയിലും ആത്മാർത്ഥയോടും കാത്തുസൂക്ഷിച്ചിരുന്നതിന് മറ്റൊരുദാഹരണം തന്നെയില്ല. അതോടൊപ്പം തന്നെ മക്കകാർ അങ്ങയുടെ തബ്ലീഗ് പ്ര വർത്തനങ്ങളിൽ പരിഭ്രമപ്പെടുകയും അങ്ങയുടെ സമീപത്തേ ക്ക് ഉത്ബ ബിൻ റബീഅയോടൊപ്പം ഒരു സംഘത്തെ അയ ക്കുകയും ചെയ്തു. അവർ അങ്ങയോട് അങ്ങേയറ്റം താണ നിലയിൽ തന്റെ പ്രവർത്തികളിൽ നിന്ന് വിട്ട് നില്ക്കണ മെന്ന് അപേക്ഷിച്ചു. അതിന് പകരമായി ധനവും അധികാര വും നല്കുന്നതിന് പുറമെ ഒരപേക്ഷ കൂടി സമർപ്പിച്ചിരുന്നു. അവിടുന്ന് ഏതെങ്കിലും ഭംഗിയുള്ള സ്ത്രീയെ വിവാഹം കഴിച്ചാൽ ഞങ്ങളിൽ സന്തുഷ്ടനായി, ഞങ്ങളുടെ മതത്തെ മോശമാക്കുന്നതിൽ നിന്നും അതുപോലെ പുതിയ മതത്തി ന്റെ പ്രചാരണത്തിൽ നിന്നും വിട്ട് നില്ക്കുകയും ചെയ്യുമെ ങ്കിൽ അങ്ങ് ഇഷ്ടപ്പെടുന്ന സ്ത്രീയുമായി അങ്ങയുടെ വി വാഹവും ഞങ്ങൾ നടത്തിത്തരുന്നതാണ്. മ്യൂർ സാഹിബ് ഈ സംഭവത്തെ കുറിച്ചും അജ്ഞനായിരുന്നില്ല. ആ സമയ ത്ത് അങ്ങയുടെ പ്രായവും പിന്നീട് ഉണ്ടായിരുന്നതിനെക്കാൾ ശാരീരിക ശക്തിയും തീർച്ചയായും മെച്ചപ്പെട്ട നിലയിലാ യിരുന്നു. എന്നാൽ അവിടുന്ന് മക്കയിലെ അധികാരികളു ടെ പ്രതിനിധികൾക്ക് നല്കിയ ആ മറുപടിയും ചരിത്രത്തി ന്റെ തുറന്ന താളുകളാണ്. ഈ ചരിത്ര സംഭവവും മ്യൂർ സാ ഹിബിന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞതായിരുന്നില്ല. മക്കയി ലെ ആളുകൾ അദ്ദേഹത്തിന്റെ ദൗത്യനിർവഹണത്തിന് മു മ്പുള്ള 40 വയസ്സ് പ്രായം വരെ ഉന്നത ധാർമിക മൂല്യങ്ങൾ ക്ക് ഉടമയായും നല്ല മനുഷ്യനായും അദ്ദേഹത്തെ മനസ്സിലാ ക്കിയിരുന്നു. എന്നാൽ ഈ എല്ലാ സാക്ഷ്യങ്ങളും നിലനിൽ ക്കെ, 55 വയസ്സിന് ശേഷം ഒരു വശത്ത് അദ്ദേഹത്തിന്റെ ശാ രീരിക ശക്തിയ്ക്ക് പ്രകൃതിയാൽ ക്ഷതം സംഭവിച്ച് കൊണ്ടി രുന്നു. മറുവശത്ത് പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും ജോലിത്തിരക്കുള്ള ഒരു വ്യക്തിയെ പോലും അമ്പരിപ്പിക്കു ന്ന വിധം വളരെയധികം വർധിച്ചിരുന്നു. എന്നാൽ അദ്ദേ ഹം അപ്പോഴും തന്റെ സുഖസൗകര്യങ്ങളിൽ മുഴുകിയിരു ന്നുവെന്ന് പറയുന്ന മ്യൂർ സാഹിബിന്റെ അഭിപ്രായം ഒരി ക്കലും അംഗീകരിക്കാനാകില്ല. തികച്ചും ഇത് അസൂയ നിറ ഞ്ഞ ഒരഭിപ്രായപ്രകടനമാണ്. അവിടുന്ന് തന്റെ യുവത്വത്തി ന്റെ ദിനങ്ങളിൽ എത്രമാത്രം ധാർമികത പ്രകടിപ്പിച്ചുവെ ന്നാൽ അതുകാരണം അന്യരും സ്വന്തക്കാരും അങ്ങയ്ക്ക് അമീൻ (വിശ്വസ്തൻ) എന്ന സ്ഥാനപേര് നല്കുകയുണ്ടായി. ഇതും ഒരു ചരിത്ര സത്യമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി വിവരിക്കുന്നു: നബി(സ)തിരുമേനി തന്റെ പിതൃസഹോദരിപുത്രിയുടെ നി ക്കാഹ് സയ്ദുമായി നടത്തി. എന്നാൽ ആ ബന്ധം വിജയം കണ്ടില്ല. അദ്ദേഹം എഴുതുന്നു, യഥാർത്ഥ കാരണം, റസൂൽ കരീം(സ)യ്ക്ക് ആൺമക്കൾ ഉണ്ടായിരുന്നില്ല. എന്നാൽ ആ സമൂഹത്തിന്റെ രീതി അനുസരിച്ച് സയ്ദ് അദ്ദേഹത്തിന്റെ മകനായിരുന്നു. ആളുകൾ അദ്ദേഹത്തെ ഇബ്നു മുഹമ്മദ് എന്നാണ് വിളിച്ചിരുന്നത്. ഹദ്റത്ത് സൈനബിന്റെ വിവാ ഹത്തിലൂടെ അല്ലാഹു വിശദീകരിക്കുന്നത്, സന്താനങ്ങൾ രണ്ട് വിധമാണുള്ളതെന്നും ഒന്ന് പ്രകൃതി നിയമത്തിന് വി ധേയമായി ശരീരിക നിലയിലുള്ള മക്കളും രണ്ട് സാമൂഹി ക നിയമത്തിന് വിധേയമായുള്ള മക്കളും. രണ്ടാമത്തത് യ ഥാർത്ഥ മക്കൾ ആയിരിക്കില്ല. ഈ കാര്യത്തെ ദൃഢീകരി ക്കുന്നതിനുള്ള ഏകമാർഗം നബി(സ)തിരുമേനി ഹദ്റത്ത് സയ്ദ് ബന്ധം വിഛേദിച്ച സ്ത്രീയുമായി വിവാഹം കഴിക്കു കയെന്നതായിരുന്നു. അല്ലാഹു ഹദ്റത്ത് സയ്ദിനും അദ്ദേ ഹത്തിന്റെ ഭാര്യയ്ക്കുമിടയിലുള്ള പ്രശ്നം പരിഹരിച്ചില്ല. ദൈവയുക്തിയെന്നത് സയ്ദ് തന്റെ ഭാര്യക്ക് ത്വലാഖ് നല് കുകയും പിന്നെ അവർ റസൂർ കരീം(സ) ന്റെ ഭാര്യാപദം അലങ്കരിക്കുകയും ചെയ്യുക എന്നതായിരുന്നു. അങ്ങനെ സാ മൂഹീക നിലയിലുള്ള മക്കൾ ശാരീരിക നിലയിലുള്ള മക്ക ളെ പോലെയല്ലായെന്ന് തെളിയുകയും ചെയ്യുന്നു.

ഹദ്റത്ത് സയ്ദ് ബദർ, ഉഹദ്, ഖന്തഖ്, ഹുദൈബിയ, ഖയ് ബർ എന്നീ യുദ്ധങ്ങളിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം നബി(സ)തിരുമേനിയുടെ പ്രഗത്ഭരാ യ അമ്പെയ്ത്തുക്കാരിൽ ഉൾപ്പെടുന്നു. നബി(സ)തിരുമേ നി മുറയ്സി യുദ്ധം അഥവാ ബനൂ മുസ്തലഖ് യുദ്ധത്തി നായി പുറപ്പെട്ടപ്പോൾ ഹദ്റത്ത് സയ്ദിനെ മദീനയിലെ അ മീറായി നിയമിച്ചു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാ

ഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഉഹ്ദ് യുദ്ധത്തിന് ശേഷം നബി(സ)തിരുമേനി മദീനയിലേക്ക് തിരിച്ചെത്തിയതിന് 10 ദിവസം പോലും പൂർത്തിയായിരുന്നില്ല. തദവസരത്തിൽ മക്കയിലെ ഒരു നേതാവ്, കർസൻ ബിൻ ജാബിർ ഖഹ്രി ഖുറൈശികളുടെ ഒരു സംഘവുമായി വന്ന് വലിയ തന്ത്രം പ്രയോഗിച്ച് മദീനയുടെ ഒരു മേച്ചിൽ സ്ഥലം (അത് പട്ടണത്തിൽ നിന്ന് മൂന്ന് മൈൽ ദൂരത്ത് സ്ഥിതിചെയ്തിരുന്നു) അതിനെ പെട്ടെന്ന് ആക്രമിക്കുകയും മുസ്‌ലിംകളുടെ ഒട്ടകങ്ങളെ കൊള്ളയടിക്കുകയും ചെയ്തു. നബി(സ) തിരുമേനി ഈ വിവരം അറിഞ്ഞയുടൻ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ തനിക്ക് പിന്നിൽ അമീറായി നിശ്ചയിച്ച് ഒരു സംഘം മുഹാജിറുകളുമായി അവരെ പിടികൂടുവാൻ പുറപ്പെട്ടു. ബദറിന്റെ സമീപത്തുള്ള സഫ്‌വാൻ എന്ന സ്ഥലം വരെ അവരെ പിന്തുടർന്നു. എന്നാൽ അവർ രക്ഷപ്പെട്ട് കളഞ്ഞു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ബദർ യുദ്ധം അവസാനിപ്പിച്ച് ബദറിൽ നിന്ന് തിരിച്ച് വരുന്ന സമയം നബി(സ)തിരുമേനി സയ്ദ് ബിൻ ഹാരിഥയെ മദീനയിലേക്ക് അയച്ചു. അദ്ദേഹം ആദ്യം തന്നെ ചെന്ന് മദീനാവാസികൾക്ക് വിജയത്തിന്റെ സന്തോഷവാർത്ത അറിയിച്ചു. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയ്ക്ക് മുമ്പ് അവിടെയെത്തി മദീനക്കാർക്ക് വിജയത്തിന്റെ വാർത്ത എത്തിച്ചതിനാൽ മദീനയിലെ സഹാബാക്കൾക്ക് ഒരു വശത്ത് ഇസ്‌ലാമിന് ലഭിച്ച ഈ അതിമഹത്തായ വിജയത്തിൽ അങ്ങേയറ്റം സന്തോഷം ഉണ്ടായി. എന്നാൽ മറ്റൊരു അർഥത്തിൽ ഈ അതിമഹത്തായ ജിഹാദിന്റെ പ്രതിഫലത്തിൽ നിന്ന് സ്വയം മാറി നിന്നതിലും അവർക്ക് വളരെയധികം ദുഃഖവുമുണ്ടായിരുന്നു. അതോടൊപ്പം സയ്ദ് ബിൻ ഹാരിഥയുടെ വരവിന് കുറച്ച് മുമ്പ് മദീനയിലെ മുസ്‌ലിംകൾക്കും പ്രത്യേകിച്ച് ഹദ്റത്ത് ഉസ്മാനും നബി (സ) തിരുമേനി യുദ്ധത്തിന് പോയപ്പോൾ രോഗാവസ്ഥയിൽ ഉപേക്ഷിച്ച റുഖയ്യ ബിൻത് റസൂലുല്ലാഹ്(സ) യുടെ വഫാത്ത് മൂലം ഉണ്ടായ ആ ദുഃഖത്തെയും ഈ സന്തോഷവാർത്ത അകറ്റുകയുണ്ടായി. അത് കാരണമാണ് ഹദ്റത്ത് ഉസ്മാന് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നത്.

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ മറ്റൊരു പോരാട്ടത്തിനായി ഹിജ്‌രി 3 ന് ജമാദിയുൽ ആഖിറിൽ ഖർദ എന്ന സ്ഥലത്തേക്ക് അയച്ചിരുന്നു. അതിനെ വിവരിച്ച് കൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ബനൂ സലീം, ബനൂ ഉത്ഫാൻ എന്നിവരുടെ ആക്രമണത്തിൽ നിന്ന് അല്പം അവധി ലഭിച്ചപ്പോൾ മുസ്‌ലിംകൾക്ക് മറ്റൊരു അപകടത്തെ ദൂരീകരിക്കുന്നതിനായി സ്വദേശത്ത് നിന്ന് പുറപ്പെടേണ്ടതായി വന്നു. അങ്ങനെ ജമാദിയുൽ ആഖിർ മാസത്തിൽ നബി(സ)തിരുമേനിക്ക് ഖുറൈശികളുടെ ഒരു കച്ചവട സംഘം നജ്ദ് വഴി പോകുന്നതായി വിവരം ലഭിച്ചു. ആ മാർഗത്തിൽ ഖുറൈശികളുടെ സഖ്യകക്ഷികളും താമസിച്ചിരുന്നു. അവരും ഖുറൈശികളെ പോലെ തന്നെ മുസ്‌ലിംകളുടെ രക്തത്തിനായി ദാഹിച്ചിരുന്നു. ഇവരോടൊപ്പം ചേർന്ന് ഖുറൈശികൾക്ക് രഹസ്യമായി മദീനയെ ആക്രമിക്കാൻ സാധിക്കുമായിരുന്നു. ഖുറൈശികൾക്ക് ബലക്ഷയം വരുത്തുന്നതിനായി, അവരെ രഞ്ജിപ്പിലേക്ക് തിരിക്കുന്നതിനുമായി അവരുടെ കച്ചവസംഘത്തെ വഴിമധ്യേ തടയേണ്ടത് അത്യാവിശ്യമായിരുന്നു. അതിനാൽ നബി(സ)തിരുമേനി ഈ വിവരം ലഭിച്ചയുടൻ തന്നെ താൻ മോചിപ്പിച്ച അടിമ സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ സഹാബത്തിന്റെ ഒരു സംഘത്തെ യാത്രയാക്കി.

ഖുറൈശികളുടെ ഈ കച്ചവടസംഘത്തിൽ അബൂസുഫിയാൻ, സഫ്‌വാൻ ബിൻ ഉമയ്യാ എന്നീ നേതാക്കളും ഉണ്ടായിരുന്നു. സയ്ദ് അങ്ങേയറ്റം ധീരതയോടും പാടവത്തോടും കൂടി തന്റെ കടമ നിർവഹിച്ചു. നജദിലെ ഖർദ എന്ന സ്ഥലത്ത് വെച്ച് ഇസ്‌ലാമിന്റെ ഈ ശത്രുക്കളെ അവർ പിടികൂടി. അപ്രതീക്ഷിതമായ ആക്രമണത്താൽ ഭയചകിതരായി കൊണ്ട് ഖുറൈശികളുടെ ആ സംഘം, അവരുടെ പക്കലുണ്ടായിരുന്ന ധനവും സമ്പത്തും അവിടെ ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. സയ്ദ് ബിൻ ഹാരിഥയും കൂട്ടാളികളും ഒരു വലിയ യുദ്ധമുതലുമായി മദീനയിലേക്ക് വിജയശ്രീലാളിതരായി തിരിച്ചെത്തി.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ ഒരു വളരെ ഖേദകരമായ വാർത്തയെ കുറിച്ച് പറയുന്നതാണ്. മുബാറക് അഹ്മദ് സാഹിബ് സിദ്ദീഖിയുടെ മകളായ മറിയം സുലൈമാൻ സാഹിബ ജൂൺ 17 ന് 25-ാം വയസ്സിൽ വഫാത്തായി. **ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ**. കുറച്ച് ദിവസം മുമ്പാണ് രോഗത്തെ കുറിച്ച് അറിഞ്ഞത്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. എന്നാൽ അല്ലാഹുവിന്റെ വിധി നടപ്പിലായി. ജീവൻ രക്ഷിക്കാൻ സാധിച്ചില്ല. അവളെ കുറിച്ച് പരിചയമുള്ള എല്ലാവരും പറയുന്നത് ഇതാണ്, സൗഹൃദത്തോടും സൽപ്രകൃതത്തോടും കൂടി പെരുമാറുന്ന പെൺകുട്ടിയായിരുന്നു. നമസ്ക്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. സ്വമനസ്യവും സേവനമനോഭാവം പ്രകടപ്പിച്ചിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹബന്ധമായിരുന്നു. മർഹൂമയുടെ ദുഃഖാർത്ത കുടുംബത്തിൽ മാതാപിതാക്കൾക്ക് പുറമെ ഭർത്താവും നായാബ്, സർയാബ് എന്ന രണ്ട് പെൺമക്കളുമുണ്ട്. നായാബിന് അഞ്ച് വയസ്സും സർയാബിന് ഒന്നര വയസ്സുമാണ്. മറിയം സുലൈമാൻ സാഹിബയുടെ മാതാവ് ഗുൽ മുബാറക്ക് സാഹിബ പറയുന്നു: കഴിഞ്ഞ ആറ് ആഴ്ചകൾക്ക് ഇടയിൽ മൂന്ന് ദുഃഖങ്ങൾ സഹിക്കേണ്ടതായി വന്നു. ഗുൽ മുബാറക് സാഹിബയുടെ ഒരു സഹോദരൻ വഫാത്തായി. പിന്നെ ഒരു സഹോദരിയും വഫാത്തായി. ഇപ്പോൾ അവരുടെ മകളും അല്ലാഹുവിന് പ്രിയപ്പെട്ടവളായി. അല്ലാഹു അവർക്ക് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യട്ടെ. മറിയം സുലൈമാൻ സാഹിബ യബ്സം ജമാഅത്തിന്റെ സെക്രട്ടറി നൗ മുബായീൻ ആയിരുന്നു. വലിയ ആവേശത്തോടും സൽപ്രകൃതത്തോടും പ്രസന്നമുഖത്തോടും കൂടി ആവശ്യക്കാരെ നിരന്തരം സഹായിച്ചിരുന്നു. അവരുടെ ഹൽഖയിലെ സദർ ലജ്ന പറയുന്നു: അസീസ മറിയം സുലൈമാൻ സാഹിബ സെക്രട്ടറി നൗമുബായീൻ എന്ന നിലയിൽ വളരെ ഉത്തമവും മാതൃകായോഗ്യവുമായ ജോലികളാണ് നിർവഹിച്ച് കൊണ്ടിരുന്നത്.

പുതുതായി അഹ്മദിയ്യത്ത് സ്വീകരിക്കുന്ന സ്ത്രീകളോട് ഏതൊരു സ്നേഹത്തിന്റെ ബന്ധമാണ് ഉണ്ടാക്കിയിരുന്നതെന്നാൽ നവഅഹ്മദികളായ വനിതകൾക്ക് സ്വയം തന്നെ ഇവരിലൂടെ ജമാഅത്തിനോട് അനുരക്തി തോന്നുമായിരുന്നു. ഒരു നവഅഹ്മദി അൻദലീബ് സാഹിബ പറയുന്നു: എന്റെ അഭിപ്രായം എല്ലാ നൗമുബായീൻ സെക്രട്ടറിമാരും മറിയമിനെ പോലെ ആയിരിക്കണമെന്നാണ്. കാരണം ഞാൻ ഓർക്കുന്നു, ആദ്യമായി മറിയമുമായി കൂടികാഴ്ച നടന്നപ്പോൾ എനിക്കൊരു പ്രിയപ്പെട്ട സഹോദരിയെ ലഭിച്ചുവെന്ന് തോന്നുംവിധം എന്നെ അവർ സ്നേഹത്തോടും പരിലാളനയോടും കൂടി കെട്ടിപ്പിടിച്ചു. അവർ എനിക്കും എന്റെ മക്കൾക്കും വേണ്ടി ചെറിയ ചെറിയ സമ്മാനങ്ങളുമായി എന്റെ വീട് സന്ദർശിച്ചിരുന്നു. ഫോണിലൂടെയും കൂടികാഴ്ച്ചയിലൂടെയും ഞാനുമായി ഒരു ബന്ധം ഉണ്ടാക്കിയിരുന്നു. സുഹൃത്തുകളോടും ആളുകളോടുമുള്ള സംഭാഷണത്തിൽ അധികവും ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും ജമാഅത്ത് വ്യവസ്ഥിതിയെയും കുറിച്ച് പറയുമായിരുന്നു. നവഅഹ്മദികളുടെ ഏറ്റവും നല്ല സുഹൃത്തായി അവർ മാറിയിരുന്നു. അവരെ സഹായിച്ചിരുന്നു. അതുമൂലം ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാനുള്ള താൽപര്യം അവരിൽ വർധിച്ചിരുന്നു. ഇപ്പോൾ ആ നവഅഹ്മദി പറയുന്നു: അവരുടെ തർബിയ്യത്ത് മൂലം ഞാൻ ഇപ്പോൾ ആ ഹൽഖയിലെ ജനറൽ സെക്രട്ടറിയായി മാറിയിരിക്കുന്നു. അവർ തന്റെ നിസ്സാരമായ പോക്കറ്റ് മണിയിൽ നിന്ന് മിച്ചംവെച്ചും സൃഷ്ടിസേവനം നടത്തിയിരുന്നു.

മറിയം സാഹിബയുടെ പിതാവ് പറയുന്നു: വളരെ കൃത്യതയോടെ ഖുത്ബ കേൾക്കുമായിരുന്നു. എല്ലാ ജോലികളിലും ദീനിന് ദുനിയാവിനെക്കാൾ മുൻതൂക്കം നല്കിയിരുന്നു. വഫാത്തിന് രണ്ട് ദിവസം മുമ്പ് മജ്ലിസ് ശൂറ ഉണ്ടായിരുന്നു. മറിയം ഐ.സി.യു വിലുമായിരുന്നു. ഞാൻ അവളോട് പറഞ്ഞു: ഞാൻ ശൂറയിൽ നിന്ന് അവധി വാങ്ങാം. എന്നാൽ മറിയം പറഞ്ഞു: താങ്കൾ എന്നെ കുറിച്ച് ചിന്തിക്കേണ്ടതില്ല. ഞാൻ കാരണം ജമാഅത്തിന്റെ പരിപാടിയും ഉപേക്ഷിക്കരുത്. ശൂറയിൽ പങ്കെടുക്കണം. കാരണം നാം ദീനിന് ദുൻയാവിനെക്കാൾ പ്രാധാന്യം നല്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പ്രതിജ്ഞ ചെയ്തവരാണ്. സെന്റ് ജോർജസ് ഹോസ്പിറ്റൽ ലണ്ടനിലാണ് അവരെ പ്രവേശിപ്പിച്ചിരുന്നത്. അവിടെയുള്ള ഒരു നേഴ്സ് പറയുന്നു: മറിയമുമായി സംസാരിക്കുമ്പോഴെല്ലാം എനിക്ക് ഒരു മലക്കുമായി കണ്ടുമുട്ടിയ പ്രതീതി തോന്നിയിരുന്നു. എപ്പോഴും സലാം പറയുന്നതിലും മറ്റുള്ളവരുടെ വിശേഷങ്ങൾ അന്വേഷിക്കുന്നതിൽ മുൻകടന്നിരുന്നു. മറ്റുള്ളവരുടെ സൽഗുണങ്ങൾ അന്വേഷിച്ച് പിന്നീട് ആ നല്ലകാര്യങ്ങളെ അഭിനന്ദിച്ചിരുന്നു. എപ്പോഴും മുഖത്ത് പുഞ്ചിരി ഉണ്ടായിരുന്നു. അല്ലാഹുവിൽ അധികമായി തവക്കൽ ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ഒരുപാട് നന്ദി പറയുന്ന കുട്ടിയായിരുന്നു. അല്ലാഹു അവളിൽ കാരുണ്യം വർഷിക്കട്ടെ. പാപപൊറുതിയോടെ പെരുമാറട്ടെ. എപ്രകാരമായിരുന്നു ആ കുട്ടി അല്ലാഹുവിൽ പ്രതീക്ഷ അർപ്പിച്ചിരുന്നത്, അല്ലാഹു അതിലും അധികമായി അവളോട് സ്നേഹത്തോടെ പെരുമാറാകട്ടെ. തന്റെ സ്നേഹത്തിന്റെ മടിത്തട്ടിൽ കൊണ്ട് വന്ന് അവളുടെ പദവികൾ ഉയർത്തുമാറാകട്ടെ. അല്ലാഹുവേ! അവളുടെ പെൺമക്കളെ എപ്പോഴും നിന്റെ സംരക്ഷണത്തിലും അഭയത്തിലും വച്ച് ആ കുട്ടികൾക്കായി അവൾ ചെയ്തിരുന്ന എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. മാതാപിതാക്കൾക്ക് ക്ഷമയും സ്ഥൈര്യവും നല്കുകയും അവർ അല്ലാഹുവിന്റെ തൃപ്തിയിൽ പരിപൂർണ ഹൃദയത്തോടെ തൃപ്തരാകുകയും ചെയ്യുമാറാകട്ടെ. അവളുടെ കുട്ടികളെ മാതൃകാപരമായി പരിപാലിക്കുന്നവരായി മാറട്ടെ. അവരെ സഹായിക്കുന്നവരാകട്ടെ. അവളുടെ ഭർത്താവിന് കുട്ടികൾക്കായി മാതാവിന്റെയും പിതാവിന്റെയും സ്നേഹം നല്കാൻ സാധിക്കുമാറാകട്ടെ. അല്ലാഹു അവളുടെ പദവികൾ ഉയർത്തുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 21.06.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516